ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇലങ്കംകുളം, പാണാംപഴിഞ്ഞികുളം, വേടംകോണംകുളം എന്നിവയുടെ നവീകരണം

114 (1842) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിലെ കരമന വാർഡിലെ ഇലങ്കംകുളം, ജഗതി വാർഡിലെ പാണാംപഴിഞ്ഞികുളം, ചെങ്കള്ളൂർ വാർഡിൽ വേടംകോണംകുളം എന്നിവ ജലസേചനവകുപ്പ്മുഖേന നവീകരിക്കുന്നുണ്ടോ ;

(ബി) ഇവയ്ക്കായി യഥാക്രമം എത്ര തുക ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇവ നവീകരിക്കുന്നതിന് തീരുമാനം എടുത്തത് എന്നാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ജഗതിവാർഡിലെ പാണാംപഴിഞ്ഞികുളം, ചെങ്കള്ളൂർ വാർഡിലെ വേടംകോണംകുളം എന്നിവ ജലസേചന വകുപ്പിന്റെ കുളങ്ങളുടെ നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കരമനവാർഡിലെ ഇലങ്കംകുളത്തിന്റെ നവീകരണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പാണാംപഴിഞ്ഞികുളം - 28.90 ലക്ഷം രൂപ

വേടംകോണം കുളം - 6.90 " "

(സി) 18-10-2010-ലെ G.O.(Rt) 1219/10/WRD പ്രകാരമാണ് തീരുമാനമെടുത്തത്.

പള്ളുരുത്തി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

115 (1843) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിന്റെമേൽ നോട്ടത്തിൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള പദ്ധതികളുടെ തുകയടക്കമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ന്റെകീഴിൽ നടത്തിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* മാനേജിംഗ് ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി)യുടെകീഴിൽ പള്ളുരുത്തി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. എൻ.സി./പി.സി., ചെല്ലാനം പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലി പൂർത്തീകരിച്ചു. ഇതിനായി 353.01 ലക്ഷം രൂപ ഇതുവരെ ചെലവായി. ഈ പദ്ധതിയുടെ മറ്റു രണ്ടു ഘടകങ്ങളിൽ ഒന്നായ കണ്ണമാലി ഒ.എച്ച്. ടാങ്ക് പുതുക്കി പണിയുന്നതിനുള്ള പ്രവൃത്തിയുടെ ദർഘാസുകൾ 3 പ്രാവശ്യം വിളിച്ചെങ്കിലും ആരുംതന്നെ ദർഘാസ് വാങ്ങിയിട്ടില്ല. രണ്ടാമത്തെ ഘടകമായ കരുവേലിപ്പടി പമ്പ് ഹൗസിൽ പമ്പ് സെറ്റുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന ജോലി ഈ മാസാവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. സുനാമി പദ്ധതിയിൽപ്പെടുത്തി പള്ളുരുത്തിയിലെ വിവിധ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന ജോലി പൂർത്തിയായി. ഇതുവഴി പള്ളുരുത്തി, പെരുമ്പടപ്പ്, കോണം, മുണ്ടൻവേലി. ആര്യാ, അത്തിപ്പൊഴി, മാനാശ്ശേരി എന്നീ പ്രദേശങ്ങളിലെ ശുദ്ധജലവിതരണം മെച്ചപ്പെട്ടിട്ടുണ്ട്. ഇതിനായി 457.12 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

3. 2007-ൽ കമ്മീഷൻ ചെയ്തു. 136 കോടി രൂപയുടെ കൊച്ചി അഡ്ഹോക് ഓഗ്മെൻറ്റേഷൻ കുടിവെള്ള പദ്ധതി (ഹഡ്കോ പദ്ധതി)യിൽ പശ്ചിമ കൊച്ചിയുടെയും തേവരയുടെയും മുഴുവൻ പ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രയോജനം ഈ നിയോജകമണ്ഡലത്തിലും ലഭിച്ചിട്ടുണ്ട്.

4. കുമ്പളം, കുമ്പളങ്ങി, ചെല്ലാനം എന്നീ പഞ്ചായത്തുകളും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, തേവര തുടങ്ങിയ പള്ളുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രൂപകല്പന ചെയ്ത 201 കോടി രൂപയുടെ ജന്റം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.